**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **29-01-2024 - ൽ മറുപടിയ്ക്ക്**

**ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ചികിത്സാ സംവിധാനം ഒരുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദമാക്കാമോ? | (എ) | ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ചികിത്സാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി വിമുക്തി മിഷന്റെയും, ആരോഗ്യ വകുപ്പിന്റെയും സംയുക്ത നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന 14 ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് ചികിത്സയും കൗൺസിലിങ്ങും നൽകുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ച് വരുന്ന മേഖലാ കൗൺസിലിങ്ങ് സെന്ററുകളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് കൗൺസിലിങ്ങ് നൽകി വരുന്നു.<br><br>ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ആവശ്യമായ കിടത്തി ചികിത്സ നൽകുന്നതിന് പ്രത്യേകം വാർഡുകൾ തിരുവനന്തപുരം ജില്ലയിലും കോഴിക്കോട് ജില്ലയിലും പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായുള്ള ഒരു ലഹരി മോചന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ